നം 737/എ1/08/കെഎസ്ബിബി ഫെബ്രുവരി 25 2009

## പ്രസിദ്ധീകരണത്തിന്

കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് 2008–09 സാമ്പത്തികവർഷത്തിൽ നൽകുന്ന താഴെപ്പറയുന്ന പുരസ്കാരങ്ങൾക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ 31.03.2009 നു മുമ്പായി മെമ്പർ സെക്രട്ടറി, കേരളസംസ്ഥാന ജൈവവൈവിധ്യ ബോർഡ്, പള്ളിമുക്ക്, പേട്ട പി.ഒ., തിരുവനന്തപുരം – 695 024 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

| പുരസ്കാരം | തുക |
|---|---|
| വ്യക്തിഗത അവാർഡ് | അമ്പതിനായിരം രൂപ |
| ഹരിത സ്കൂൾ | ഇരുപത്തി അയ്യായിരം രൂപ |
| ഹരിത കോളേജ് | ഇരുപത്തി അയ്യായിരം രൂപ |
| സ്ഥാപനം | അമ്പതിനായിരം രൂപ |
| പത്രപ്രവർത്തകൻ | അമ്പതിനായിരം രൂപ |

സംസ്ഥാനത്തെ ജൈവവൈവിദ്ധ്യ സംരക്ഷണത്തിൽ പരിസ്ഥിതി സംരക്ഷണ/ ബോധവൽക്കരണ / പരിപാലന പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച വച്ചിട്ടുള്ള വ്യക്തി, സ്കൂൾ, കോളേജ്, സ്ഥാപനം, അച്ചടിമാധ്യമ പ്രവർത്തകൻ എന്നിവർക്കാണ് അതാതു മേഖലകളിൽ ഇതുവരെ ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ കണക്കിലെടുത്ത് പുരസ്കാരങ്ങൾ നൽകുന്നത്.

താഴെപ്പറയുന്ന മാതൃകയിലാണ് നോമിനേഷനുകൾ സമർപ്പിക്കേണ്ടത്.

1. നിർദ്ദേശിക്കപ്പെടുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേര്.
2. പൂർണമായ മേൽവിലാസം
3. a. വ്യക്തിയാണെങ്കിൽ
    i. സ്ത്രീ/പുരുഷൻ
    ii. വയസ്സ്
   b. സംഘടനാഭാരവാഹി ആണെങ്കിൽ
    i) നോമിനേഷന് ഭരണസമിതി അംഗീകാരം ഉണ്ടോ?
4. കൂടുതൽ വിവരങ്ങൾക്കായി സാക്ഷ്യപ്പെടുത്താൻ കഴിയുന്ന രണ്ട് പ്രാദേശിക വ്യക്തികളുടെ മേൽവിലാസവും ടെലിഫോൺ നമ്പരുകളും
5. വെബ്സൈറ്റ്വിലാസം

തിരുവനന്തപുരം

**മെമ്പർസെക്രട്ടറി**

# വ്യവസ്ഥകൾ

1. നിർദ്ദേശിക്കപ്പെടുന്ന വ്യക്തി/സ്ഥാപനം അവാർഡിനർഹമാക്കുന്നതിന് കാരണമാകുന്ന സേവനങ്ങൾ, പ്രവർത്തനങ്ങൾ, അതാതുമേഖലകളിൽ ഇതുവരെ നല്കിയ സംഭാവനകൾ എന്നിവ 500 വാക്കിൽ കവിയാതെ വിവരിക്കുന്ന പത്രിക. ഇക്കാര്യങ്ങൾ തെളിയിക്കുന്നതിനാവശ്യമായ ഫോട്ടോകൾ, സി.ഡി കൾ / പത്രറിപ്പോർട്ടുകൾ / പ്രവർത്തനങ്ങൾക്കു ലഭിച്ച അംഗീകാരം എന്നിവ അനുബന്ധമായി സമർപ്പിക്കേണ്ടതാണ്

2. നിർദ്ദേശിക്കപ്പെടുന്ന വ്യക്തി ഏതെങ്കിലും സംഘടനയുടെ ഭാരവാഹി എന്ന നിലയിലാണ് അവാർഡിനു നാമനിർദ്ദേശം ചെയ്യുന്നത് എങ്കിൽ, സംഘടനയുടെ നിലവിലുള്ള ഭരണസമിതി, നാമനിർദ്ദേശം അംഗീകരിക്കേണ്ടതാണ്.

3. നിർദ്ദേശിക്കപ്പെടുന്ന വ്യക്തിയെ/സ്ഥാപനത്തെ സംബന്ധിക്കുന്ന 250 വാക്കിൽ കവിയാത്ത ഒരു രൂപരേഖ (യശീഴൃമുവ്യ)

4. സ്കൂൾ/കോളേജ്/സർക്കാർ സ്ഥാപനങ്ങൾ ഒഴികെയുള്ളവ നിയമപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നവയോ, നിയമാനുസൃത അംഗീകാരം ഉള്ളവയോ ആയിരിക്കണം.

5. വ്യക്തിഗത അവാർഡിനൊഴികെയുള്ള നാമനിർദ്ദേശങ്ങൾ അതാതു സ്ഥാപനങ്ങൾക്ക്/മാധ്യമങ്ങൾക്ക്/മാധ്യമപ്രവർത്തകന് നേരിട്ട് സമർപ്പിക്കാവുന്നതാണ്.

6. കഴിഞ്ഞ വർഷങ്ങളിൽ അവാർഡുകൾ ലഭിച്ചിട്ടുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ അപേക്ഷിക്കേണ്ടതില്ല.

7. നാമനിർദ്ദേശം മെച്ചപ്പെട്ട വ്യക്തിക്ക്/സ്ഥാപനത്തിന് ജൈവവൈവിദ്ധ്യ/പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് പുറത്തു നിന്നുള്ള സാമ്പത്തികസഹായമോ, സാങ്കേതിക സഹായമോ ലഭ്യമായിട്ടുള്ള പക്ഷം അതു സംബന്ധിച്ച വിശദാംശങ്ങൾ വിവരണത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. ഇല്ലാത്ത പക്ഷം അക്കാര്യം പ്രത്യേകം സൂചിപ്പിക്കേണ്ടതാണ്.

8. മാധ്യമ അവാർഡുകൾക്ക് അച്ചടിപത്രമാധ്യമപ്രവർത്തകർ മാത്രമേ അർഹരായിരിക്കുകയുള്ളു. പകർപ്പവകാശം ഉള്ളവയിൽ നിയമാനുസൃത നടപടിക്രമങ്ങൾ സ്വീകരിച്ചാണ് അവാർഡിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കുന്നത് എന്ന് പ്രത്യേകം കാണിച്ചിരിക്കണം.

**മെമ്പർസെക്രട്ടറി**